**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2997** **12-07-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന യുവജന കമ്മീഷന്റെ ചുമതലകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാന യുവജന കമ്മീഷന്റെ ചുമതലകൾ ചുവടെ ചേർക്കുന്നവയാണ്:-<br><br>(a) യുവാക്കളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടി ഭാരതത്തിന്റെ ഭരണഘടനയിലോ മറ്റേതെങ്കിലും നിയമത്തിൻ കീഴിലോ സർക്കാരിന്റെ ഏതെങ്കിലും ഉത്തരവിൻ കീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ചൂഷണത്തിനെതിരെയും മറ്റ തരത്തിലും ഉള്ള വിവിധ സംരക്ഷണ വ്യവസ്ഥകളുടെ പ്രവർത്തനരീതിയും നടത്തിപ്പും അന്വേഷിക്കുകയും പരിശോധിക്കുകയും പരിഹാര നടപടികൾ ശിപാർശ ചെയ്യുകയും ചെയ്യുക.<br><br>(b) യുവാക്കൾക്കിടയിൽ വർദ്ധിച്ചുവരുന്ന സാമൂഹ്യ വിപത്തുകളായ മദ്യം, മയക്കുമരുന്ന്, പുകയില ഉത്പന്നങ്ങൾ, നിരോധിക്കപ്പെട്ട മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗവും സൈബർ കുറ്റകൃത്യങ്ങളും തടയുന്നതിനാവശ്യമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ഏത് തൊഴിലും അന്തസ്സായി ചെയ്ത് ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനുള്ള അറിവ് നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അത്തരം കാര്യങ്ങളിൽ സർക്കാരിന് ആവശ്യമായ ശിപാർശകൾ നല്കുകയും ചെയ്യുക.<br><br>(c ) യുവാക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനും തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനും വേണ്ടി സർക്കാർ വകുപ്പുകളെ ഏകോപിപ്പിക്കുക.<br><br>(d) പൂർണ്ണമായ ശാക്തീകരണവും മികവും നേടുന്നതിന് വേണ്ടി യുവാക്കളുടെ കഴിവ് വികസിപ്പിക്കുകയും നേർവഴിക്ക് നയിക്കുകയും ചെയ്യുക. |

| | | | |
|---|---|---|---|
| | | | (e) യുവാക്കൾക്ക് തൊഴിലവസരങ്ങൾ തേടുന്നതിനുള്ള മെച്ചപ്പെട്ട വഴികൾ സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി പ്രോത്സാഹനപരവും വിദ്യാഭ്യാസപരവുമായ ഗവേഷണങ്ങൾ ഏറ്റെടുക്കുക.<br><br>(f) യുവാക്കളുടെ, പ്രത്യേകിച്ചും ദുർബല വിഭാഗത്തിലും ഗോത്രവർഗ്ഗ വിഭാഗത്തിലും പെടുന്നവരുടെ സാമൂഹിക – സാമ്പത്തിക വികസനത്തിന്റെ ആസൂത്രണ നടപടികളിൽ സർക്കാരിനെ ഉപദേശിക്കുക.<br><br>(g) യുവാക്കളുടെ സർഗ്ഗാത്മകതയും നൈപുണ്യവും വികസിപ്പിച്ചു കൊണ്ട് ഉന്നത നിലവാരത്തിലുള്ള നേട്ടങ്ങൾ കൈവരിക്കുന്നതിന് പ്രാപ്തരാക്കുന്നതിന് എല്ലാ തലങ്ങളിലുമുള്ള പ്രവർത്തനങ്ങളിൽ അവരുടെ സാധ്യതകളും കഴിവുകളും കണ്ടെത്തുക.<br><br>(h) അസംഘടിത മേഖലയിൽ യുവാക്കൾ നേരിടുന്ന തൊഴിൽപരമായ ദുരിതങ്ങൾ ശ്രദ്ധിച്ച് റിപ്പോർട്ട് ചെയ്യുക.<br><br>(i) യുവാക്കളുടെ അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും നിഷേധിച്ചതായി പറയുന്ന പരാതികളിന്മേലും, പ്രഥമദൃഷ്ട്യാ ബോധ്യമാകുന്ന പ്രശ്നങ്ങളിന്മേൽ സ്വമേധയായും, അന്വേഷണം നടത്തുകയും അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു വരികയും, നടപടികൾക്ക് ശിപാർശ ചെയ്യുകയും ചെയ്യുക.<br><br>(j) പരിസ്ഥിതി സംരക്ഷണം, പൗരബോധം, ജനാധിപത്യബോധം, സാമൂഹികബോധം, നിയമ സാക്ഷരത തുടങ്ങിയവ വളർത്തിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.<br><br>(k) അതത് സമയം അതിന്റെ പരിഗണനയ്ക്ക് അയയ്ക്കുന്ന മറ്റു വിഷയങ്ങളിൽ സർക്കാരിനെ ഉപദേശിക്കുക. |
| (ബി) | സ്ത്രീധന പീഡനങ്ങളും ഗാർഹിക പീഡനങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ യുവജന കമ്മീഷൻ നടത്തിയിട്ടുള്ള ഇടപെടലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | സ്ത്രീധന പീഡനങ്ങളിലും ഗാർഹിക പീഡനങ്ങളിലും ഇരയാക്കപ്പെട്ട വ്യക്തികളുടെ കുടുംബങ്ങളെ കമ്മീഷൻ ചെയർപേഴ്സണും അംഗങ്ങളും സന്ദർശിക്കുകയും ആവശ്യമായ നിയമ സഹായവും ധാർമ്മിക പിന്തുണയും നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിഷയത്തിൽ ഇടപ്പെട്ട് നിയമ നടപടികൾ ത്വരിതപ്പെടുത്തുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സ്ത്രീപീഡനങ്ങളും സ്ത്രീധന പീഡനങ്ങളും ഗാർഹിക പീഡനങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ വിഷയത്തിൽ കമ്മീഷനിൽ ലഭിച്ച പരാതികളിന്മേൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി 04-10-2021 ന് എറണാകുളം ജില്ലാ പഞ്ചായത്ത് ഹാളിൽ വച്ച് മെഗാ അദാലത്ത് സംഘടിപ്പിക്കുകയുണ്ടായി. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടക്കുന്ന അതിക്രമം തടയുക എന്ന ലക്ഷ്യത്തോടെ വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ ഇരിങ്ങാലക്കുട ഗവ.ഹോസ്പിറ്റലിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് സ്ഥാപനമായ സഖി വൺ സ്റ്റോപ്പ് സെന്റർ എന്ന സ്ഥാപനവുമായി സഹകരിച്ചുകൊണ്ട് “International Day for Elimination of all Kind of Violence Against Women” ന്റെ ഭാഗമായി 2021 നവംബർ 25 മുതൽ ഡിസംബർ 10 വരെ തൃശ്ശൂർ ജില്ലയിലെ നെടുപുഴ ഗവ. വിമൻസ് പോളിടെക്നിക് കോളേജിൽ വെച്ച് വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ചു കൊണ്ട് സംവാദം, സൗഹൃദ നടത്തം എന്നിവ കമ്മീഷൻ സംഘടിപ്പിച്ചു.<br><br>കേരള സംസ്ഥാന യുവജന കമ്മീഷനും മാർ ഗ്രിഗോറിയസ് കോളേജ് ഓഫ് ലോ യും സംയുക്തമായി " Reproductive Choice of Women : A Fundamental Rights “ എന്ന വിഷയത്തിൽ കോൺഫറൻസ് സംഘടിപ്പിച്ചു. സ്കൂൾ/കോളേജ് കരിക്കുലത്തിൽ ജെൻഡർ എഡ്യുക്കേഷൻ ഉൾപ്പെടുത്തണമെന്ന ശിപാർശ ഉന്നതവിദ്യാഭ്യാസ വകുപ്പിനും പൊതുവിദ്യാഭ്യാസ വകുപ്പിനും യുവജന കമ്മീഷൻ നൽകിയിട്ടുണ്ട്. |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ യുവജനകമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക സാമ്പത്തികവർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; ഇതിൽ ശമ്പളം, മറ്റു പദ്ധതികൾ എന്നിങ്ങനെ ഓരോ വർഷവും കമ്മീഷൻ ചെലവഴിച്ച തുക എത്രയാണെന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ; | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായും ശമ്പള ഇനത്തിലും മറ്റ് ഇനങ്ങളിലും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) | ഗാർഹിക പീഡനങ്ങൾ, സ്ത്രീധന പീഡനങ്ങൾ, സ്ത്രീ പീഡനങ്ങൾ തുടങ്ങിയവയ്ക്കെതിരെ യുവതീയുവാക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കമ്മീഷൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഗാർഹിക പീഡനങ്ങൾ, സ്ത്രീധന പീഡനങ്ങൾ, സ്ത്രീ പീഡനങ്ങൾ തുടങ്ങിയവയ്ക്കെതിരെ യുവതീയുവാക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനായി കേരള സംസ്ഥാന യുവജന കമ്മീഷൻ നടപ്പ് സാമ്പത്തിക വർഷം 'സ്ത്രീധനത്തിനെതിരെ ബോധവൽക്കരണ ക്യാമ്പയിൻ, നിയമപരമായ പിന്തുണ, കൗൺസിലിങ്" എന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| വർഷം | പ്ലാൻ | | നോൺ പ്ലാൻ സാലറി | | നോൺ പ്ലാൻ നോൺ സാലറി | |
|---|---|---|---|---|---|---|
| | അനുവദിച്ച തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | അനുവദിച്ച തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | അനുവദിച്ച തുക (രൂപ) | ചെലവഴിച്ച തുക (രൂപ) |
| 2016-17 | 46,00,000/- | 46,00,000/- | 87,00,000/- | 87,00,000/- | 5,50,000/- | 5,50,000/- |
| 2017-18 | 90,00,000/- | 70,96,000/- | 92,54,000/- | 92,54,000/- | 7,75,000/- | 7,75,000/- |
| 2018-19 | 50,00,000/- | 50,00,000/- (കൂടാതെ മുൻവർഷം അനുവദിച്ച 19,03,000/- രൂപയും ഉപയോഗിച്ചു) | 96,06,000/- | 96,06,000/- | 11,50,000/- | 11,50,000/- |
| 2019-20 | 72,95,000/- | 72,95,000/- | 84,52,000/- | 84,52,000/- | 12,65,000/- | 7,78,000/- |
| 2020-21 | 63,00,000/- | 61,82,000/- | 84,06,000/- | 84,06,000/- | 11,38,000/- | 6,63,366/- |